"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - മണ്ണാർക്കാട് കെ.ടി.എം. ഹൈസ്കൂളിലെ എച്ച്.എസ്.ടി. (ഹിന്ദി) അദ്ധ്യാപിക ശ്രീമതി ദിവ്യ വിജയ് ഫയൽ ചെയ്ത WP(C) No.**2527/2026** -മേൽ ബഹു. ഹൈക്കോടതിയുടെ 22.01.2026 തീയതിയിലെ വിധിന്യായം - നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.5346/2026/GEDN തീയതി,തിരുവനന്തപുരം, 10-08-2026

---

പരാമർശം:-

1. മണ്ണാർക്കാട് കെ.ടി.എം. ഹൈസ്കൂളിലെ എച്ച്.എസ്.ടി. (ഹിന്ദി) ശ്രീമതി ദിവ്യ വിജയ് 13/01/2026 തീയതിയിൽ സമർപ്പിച്ച പുനഃപരിശോധനാ ഹർജി (Ext.P14)
2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. **2527/2026** മേലുള്ള 22/01/2026 തീയതി വിധിന്യായം.
3. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 01/06/2026 തീയതിയിലെ DEOMKD/632/2025-B2 നമ്പർ കത്ത്.
4. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 03/06/2026 തീയതിയിലെ DDEPKD/1586/2026-B5 നമ്പർ കത്ത്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 04/06/2026 തീയതിയിലെ ഇഎം1/7477/2026/ഡി.ജി.ഇ. നമ്പർ കത്ത്.

**ഉത്തരവ്**

മണ്ണാർക്കാട് കെ.ടി.എം. ഹൈസ്കൂൾ എച്ച്.എസ്.ടി. ഹിന്ദി ശ്രീമതി. ദിവ്യ വിജയ് ഫയൽ ചെയ്ത പരാമർശം (2) റിട്ട് ഹർജിയിലെ വിധിന്യായപ്രകാരം ശ്രീമതി. ദിവ്യ വിജയ് സർക്കാരിൽ സമർപ്പിച്ച പരാമർശം (1) പുനഃപരിശോധനാഹർജിയിൽ (Ext.P14) 05.06.2026 തീയതിയിൽ വാദം കേട്ടു.

**2. ഹർജിക്കാരി താഴെ പറയും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു :**

റിവിഷൻ ഹർജിക്കാരിയെ മണ്ണാർക്കാട് കെ.ടി.എം.ഹൈസ്കൂളിൽ 01.06.2023 മുതൽ HST ഹിന്ദി അധ്യാപികയായി ദിവസവേതനാടി സ്ഥാനത്തിൽ നിയമിച്ചു. നിയമന തീയതി മുതൽ ആനുകൂല്യത്തോടുകൂടി സ്കൂളിൽ HST ഹിന്ദി അധ്യാപികയായി തുടർന്നു വരവെ നിയമനം സംബന്ധിച്ച് ഓഡിറ്റ് തടസ്സം ഉണ്ടാവുകയും പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇക്കാര്യത്തിൽ 08.07.2025ന് നേരിൽ കേൾവി നടത്തുകയുണ്ടായി.

പൊതുവിദ്യാഭ്യാസ ഡയറക്ടർ നടത്തിയ നേരിൽ കേൾവിയിൽ കേസ് സംബന്ധിച്ച വിശദമായ വാദമുഖങ്ങൾ സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് 29.12.2025ന് ഇക്കാര്യത്തിൽ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ അപേക്ഷ നിരസിച്ച് ഉത്തരവായി. എയിഡഡ് സ്കൂൾ അധ്യാപകരുടെ നിയമനത്തിന് K.E.R. അധ്യായം 31-ൽ ഉൾപ്പെടുത്തിയിരിക്കുന്ന യോഗ്യത മാത്രമേ കണക്കാക്കുവാൻ കഴിയുകയുള്ളു എന്നതും 17.2.2020ലെ G.O.(P) 4/2020 പ്രകാരം 2014 വരെ നേടിയ 'ശിക്ഷ സ്നാതക്' മാത്രമേ ഹൈസ്കൂൾ/ഹിന്ദി അധ്യാപക ഉത്തരവായതിനാൽ തസ്തികയ്ക്ക് യോഗ്യതയായി പരിഗണിക്കാവൂ എന്ന് 2014-ന ശേഷം മേപ്പടി യോഗ്യത നേടിയ നിയമനം ഹർജിക്കാരിയുടെ പരിഗണനാർഹമല്ലെന്ന് കണ്ടെത്തിയാണ് ഹർജിക്കാരിയുടെ നിയമനം റദ്ദ് ചെയ്തിട്ടുള്ളത്. റിവിഷൻ ഹർജിക്കാരിയുടെ നിയമനം ദുർബ്ബലപ്പെടുത്തിയ നടപടി ധാർമ്മികമായും നിയമപരമായും നിലനിൽക്കാത്തതിനാലാണ് ഹർജി റൂൾ 92 പ്രകാരം സമർപ്പിക്കുന്നത്.

റിവിഷൻ ഹർജിക്കാരിയുടെ നിയമന പ്രൊപ്പോസൽ സസൂക്ഷ്മമായി മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ച് യോഗ്യതയുണ്ടെന്ന് കണ്ടെത്തി നിയമനാംഗീകാരം നൽകിയിട്ടുള്ളതാകുന്നു.

ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭ ഹർജിക്കാരിയുടെ നിയമനാംഗീകാരം സംബന്ധിച്ച് 17.5.2025ന് വ്യക്തമായ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ പ്രസക്തഭാഗം ഹർജിക്കാരിയുടെ നിയമനാംഗീകാരത്തിനായി പരിഗണിക്കേണ്ടതാണ്. ആയത് ചുവടെ ചേർക്കുന്നു. (It is submitted that the students who procured the 'SHIKSHA SNATAK' qualification from Dakshina Bharat Hindi Prachar Sabha is similarly situated to the students who procured the "Acharya" qualification from the Kerala Hindi Prachar Sabha, Thiruvananthapuram. Hence, they are also entitled to get same benefits with regards to the prescription of training qualifications in chapter XXXI Rule 2(iv)B of the Kerala Education Rules. Hence, it is humbly prayed that your esteemed office may take required steps to extend the benefits granted to the students who procured "Acharya" qualification, to the students who have been conferred with "Shiksha Snatak" qualification from the academic years 2015-16 till the academic year 2022-23, by holding that the SHIKSHA SNATAK qualification procured from Dakshina Bharat Hindi Prachar Sabha (DBHP Sabha) is a sufficient qualification for the post of HSA (Hindi) and as equivalent. qualification in lieu of B.Ed. for the post of HSST (Hindi).

ബഹു: കേരള പി.എസ്.സി. ഹൈസ്കൂൾ ഹിന്ദി അസിസ്റ്റൻറ്-നായി ഒരു കാറ്റഗറി നമ്പർ. 604/2024-ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ യോഗ്യതയായി കണക്കാക്കിയിരിക്കുന്നത് ഹർജിക്കാരിയുടെ വിദ്യാഭ്യാസ യോഗ്യതയായ ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ 'ശിക്ഷ സ്നാതക്' ബിരുദം തന്നെയാണ്. ഹർജിക്കാരിയുടെ യോഗ്യതയായ 'ശിക്ഷ സനാതക് പരിഗണിച്ചു തന്നെയാണ് KTET-IIIയും, IV-യും എഴുതി ഹർജിക്കാരി വിജയിച്ചിട്ടുള്ളത്.

SCERT ഡയറക്ടറുടെ 27.8.2025ലെ CLP2/384/2025-ാം നമ്പർ കത്ത് പ്രകാരം 2022-23 കൂടി 'ശിക്ഷ സ്നാതക്' പരിഗണിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാകുന്നു.

ഇക്കാര്യത്തിൽ യു.ജി.സി. 5.8.2021ന് പുറപ്പെടുവിച്ച കത്ത് കൂടി പരിഗണിക്കപ്പെടേണ്ടതാണ്.

മേൽപ്രസ്താവിച്ച വസ്തുതകളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ നിയമനം നിയമപരമാണെന്ന് കണ്ടെത്തി തടസ്സവാദം പിൻവലിക്കാൻ ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ് :

മണ്ണാർക്കാട് കെ.ടി.എം. ഹൈസ്കൂളിലെ എച്ച്.എസ്.ടി.(ഹിന്ദി) അദ്ധ്യാപിക ആയിരുന്ന ശ്രീമതി എസ്. ഷൈലജ 31.05.2022 ന് വിരമിച്ച ഒഴിവിൽ ശ്രീമതി ദിവ്യവിജയ് യെ 07.03.2023 മുതൽ എച്ച്.എസ്.ടി. (ഹിന്ദി) അദ്ധ്യാപികയായി മാനേജർ നിയമനം നടത്തി. 01.06.2023 മുതൽ ഭിന്നശേഷി സംവരണ വ്യവസ്ഥകൾക്ക് വിധേയമായി താത്കാലികമായി ശ്രീമതി ദിവ്യാ വിജയ് യുടെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് ഉത്തരവായി. നിയമിതയുടെ ട്രെയിനിങ് യോഗ്യതയായ ദക്ഷിണ ഭാരത് ഹിന്ദി പ്രചാരസഭയുടെ ശിക്ഷസ്നാതക് യോഗ്യത 2022 ൽ നേടിയതാണ്. ജി.ഒ.(പി). 4/2020/പൊ.വി.വ തീയതി 17.02.2020 പ്രകാരം 2014-15 വർഷം വരെ നേടിയ ശിക്ഷസ്നാതക് യോഗ്യത മാത്രമേ അംഗീകരിച്ചിട്ടുള്ളൂ. ഈ നിയമനത്തിൻമേൽ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ തടസ്സവാദം ഉന്നയിച്ചിട്ടുള്ളതിനാൽ ശ്രീമതി ദിവ്യവിജയ് യുടെ 01.06.2023 മുതലുള്ള നിയമനം റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഈ കാര്യാലയത്തെ സമീപിച്ചു.

ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനായി ബന്ധപ്പെട്ട കക്ഷികളെ ഉൾപ്പെടുത്തികൊണ്ട് ഈ കാര്യാലയത്തിൽ ഹിയറിംഗ് നടത്തുകയും, GO(P) 04/2020/Gen.Edn. തീയതി 17/02/2020 പ്രകാരം 2014-15 വരെ നേടിയ ശിക്ഷാസ്നാതക് യോഗ്യത HST ഹിന്ദി നിയമനത്തിനുള്ള യോഗ്യതയായി പരിഗണിക്കാവൂ എന്ന് ഉത്തരവായിരുന്നതിനാൽ 2014-ന് ശേഷം നേടിയ യോഗ്യത HST ഹിന്ദി തസ്തികയിലെ നിയമനത്തിന് പരിഗണനാർഹമല്ലയെന്നു ചൂണ്ടിക്കാട്ടി ഇഎം1/12106/2025/ഡി.ജി.ഇ തീയതി 29-12-2025 പ്രകാരം ശ്രീമതി ദിവ്യ വിജയ് യുടെ നിയമനം റദ്ദുചെയ്ത് ഉത്തരവായി.

ടി അദ്ധ്യാപികയുടെ നിയമനം നിരസിച്ചതുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ WPC No.2527/2026 ഫയൽ ചെയ്യുകയും ആയതിന്മേലുള്ള 22/01/2026 ലെ വിധിന്യായ പ്രകാരം ഈ വിഷയം പരിശോധിക്കുവാൻ സർക്കാരിനു നിർദ്ദേശം നൽകിയിട്ടുണ്ട്.

നിലവിൽ സ.ഉ.(കൈ) നം. 72/2026/പൊ.വി.വ. തീയതി. 13/03/2026 സർക്കാർ ഉത്തരവു പ്രകാരം 2022-2023 അധ്യയന വർഷം വരെ ദക്ഷിണ ഭാരത് ഹിന്ദി പ്രചാര സഭയുടെ ശിക്ഷാ സ്നാതക് കോഴ്സിൽ പ്രവേശനം നേടുകയോ ഈ കോഴ്സ് വിജയിക്കുകയോ ചെയ്തവർക്ക് HSA ഹിന്ദി തസ്തികയ്ക്ക് മതിയായ ട്രെയിനിംഗ് യോഗ്യതയായി പരിഗണിച്ച് ഉത്തരവായി.

മേൽ സാഹചര്യത്തിൽ ഇഎം1/12106/2025/ഡി.ജി.ഇ തീയതി 29-12-2025 ഉത്തരവ് റദ്ദ് ചെയ്ത് ശ്രീമതി ദിവ്യാ വിജയ് യുടെ HSA ഹിന്ദി തസ്തികയിലെ 01.06.2023 മുതലുള്ള നിയമനം സ.ഉ. (കൈ) നം. 72/2026/പൊ.വി.വ. തീയതി. 13/03/2026 സർക്കാർ ഉത്തരവിലെ

വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിച്ച് നൽകാവുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

4. സർക്കാർ ഈ വിഷയം, ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. മണ്ണാർക്കാട് കെ.ടി.എം. ഹൈസ്കൂളിലെ എച്ച്.എസ്.ടി. ഹിന്ദി അധ്യാപികയായിരുന്ന ശ്രീമതി. എസ്. ശൈലജ 31.05.2022 ന് സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ ശ്രീമതി. ദിവ്യ വിജയ് യെ 07.03.2023 മുതൽ എച്ച്.എസ്.ടി. ഹിന്ദി അധ്യാപികയായി മാനേജർ നിയമിച്ചു. 01.06.2023 മുതൽ ഭിന്നശേഷി സംവരണ വ്യവസ്ഥകൾക്ക് വിധേയമായി താൽക്കാലികമായി ശ്രീമതി ദിവ്യവിജയ് യുടെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചുവെങ്കിലും നിയമിതയുടെ ട്രെയിനിംങ് യോഗ്യതയായ ദക്ഷിണ ഭാരത് ഹിന്ദി പ്രചാര സഭയുടെ ശിക്ഷസ്നാതക് യോഗ്യത 2022 ൽ നേടിയത് ആയിരുന്നതിനാൽ ജി.ഒ. (പി)4/2020/പൊ.വി.വ. dated 17/02/2020 പ്രകാരം 2014-15 വർഷം വരെ നേടിയ യോഗ്യത മാത്രമേ അംഗീകരിക്കാൻ കഴിയുള്ളൂ എന്ന കാരണത്താൽ ശ്രീമതി. ദിവ്യവിജയ് യുടെ നിയമനം പൊതുവിദ്യാഭ്യാസ ഡയറക്ടർ റദ്ദ് ചെയ്ത് ഉത്തരവായി.

ഈ അധ്യാപികയുടെ നിയമനം നിരസിച്ചതുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ WP(C) 2527/2026 ഫയൽ ചെയ്തതിനെ തുടർന്ന് 01.06.2023 മുതലുള്ള ഹാജർ പുസ്തകം പരിശോധിച്ചതിൽ ടി അധ്യാപിക 01.06.2023 മുതൽ തുടർച്ചയായി ഒപ്പ് രേഖപ്പെടുത്തിയതായി കണ്ടതായി പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സ.ഉ. (കൈ)72/2026/പൊ.വി.വ. dated 13/03/2026 പ്രകാരം 2022-23 അധ്യയന വർഷം വരെ ദക്ഷിണ ഭാരത് ഹിന്ദി പ്രചാര സഭയുടെ ശിക്ഷാ സ്നാതക് കോഴ്സിൽ പ്രവേശനം നേടുകയോ ഈ കോഴ്സ് വിജയിക്കുകയോ ചെയ്തവർക്ക് എച്ച്.എസ്.എ ഹിന്ദി തസ്തികയ്ക്ക് മതിയായ ട്രെയിനിങ് യോഗ്യതയായി പരിഗണിച്ച് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ, മണ്ണാർക്കാട് കെ.ടി.എം. ഹൈസ്കൂളിൽ ശ്രീമതി ദിവ്യ വിജയ്‌യുടെ 1/6/23 മുതലുള്ള HSA(ഹിന്ദി) തസ്തികയിലെ നിയമനം നിരസിച്ച നടപടി പുന:പരിശോധിക്കുന്നതിന് വേണ്ടിയാണ് ശ്രീമതി. ദിവ്യ വിജയ് ഹർജി സമർപ്പിച്ചിട്ടുള്ളത്.

5. മേൽ സാഹചര്യത്തിൽ, മണ്ണാർക്കാട് കെ.ടി.എം. ഹൈസ്കൂളിലെ എച്ച്.എസ്.ടി. (ഹിന്ദി) ശ്രീമതി ദിവ്യാ വിജയ് യുടെ 1/6/2023 മുതലുള്ള നിയമനം, സ.ഉ. (കൈ)72/2026/പൊ.വി.വ. തീയതി 13/03/2026 ലെ വ്യവസ്ഥകൾക്ക് വിധേയമായി, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, 01/06/2023 മുതൽ അംഗീകരിച്ച് നൽകാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകികൊണ്ട്, EXT P14 പുനഃപരിശോധനാ ഹർജി തീർപ്പാക്കി, അപ്രകാരം ശ്രീമതി ദിവ്യ വിജയ് ഫയൽ ചെയ്ത പരാമർശം (2) വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി ദിവ്യ വിജയ്, എച്ച്.എസ്.ടി. (ഹിന്ദി), കെ.ടി.എം. ഹൈസ്കൂൾ, മണ്ണാർക്കാട്, പാലക്കാട്
മാനേജർ, കെ.ടി.എം. ഹൈസ്കൂൾ, മണ്ണാർക്കാട്, പാലക്കാട്
വിവര പൊതുജന സമ്പർക്ക ( വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (B2/46/2026-G.EDN)

ഉത്തരവിൻ പ്രകാരം

Digitally signed by
Ragasmitha V M
Date: 10-08-2026
12:17:19

സെക്ഷൻ ഓഫീസർ